നേരിട്ട് ഗ്രാമീണ മേഖലയിലും നഗര പ്രദേശത്തുമുള്ള ആഴ്ചച്ചന്തകളിൽ വിപണനം നടത്താവുന്നതുമാണ്. ഇത്തരത്തിലുള്ള ഉൽപന്നങ്ങൾ ഇക്കോഷോപ്, വീക്കിലി മാർക്കറ്റ്, BLFO വിപണന കേന്ദ്രങ്ങൾ തുടങ്ങി 1884 വിപണന കേന്ദ്രങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നുണ്ട്.

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി

17 (4405) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ പ്രഖ്യാപിച്ചതും സംസ്ഥാനത്തെ കൃഷിഭവനുകളിലൂടെ നടപ്പാക്കാൻ തീരുമാനിച്ചതുമായ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയുടെ പുരോഗതിയും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ?

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ വിവിധ പരിപാടികൾ ഒറ്റയ്ക്കോ, കൂട്ടായോ തെരഞ്ഞെടുത്ത് യുവജനങ്ങളെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 30-3-1994-ലെ സർക്കാർ ഉത്തരവ് (എം.എസ്.)122/94 പ്രകാരം ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ൽ ആരംഭിച്ചു. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട 20 മുതൽ 35 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസും 1000 രൂപ പദ്ധതി വിഹിതവുമായി ആകെ 1,100 രൂപയും 20 മുതൽ 40 വയസ്സ് വരെയുള്ള SC/ST വിഭാഗത്തിലുള്ള യുവജനങ്ങൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചും അംഗത്വം നേടാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. പദ്ധതിയിൽ 97849 യുവജനങ്ങൾ അംഗത്വമെടുത്തിരുന്നു. ടി അംഗങ്ങളിൽനിന്നും ലഭിച്ച തുകയും സർക്കാർ വിഹിതവും ചേർത്ത് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുകയും അതിൽനിന്നും പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1	മരണാനന്തര ആനുകൂല്യം	25,000 രൂപ നിരക്കിൽ (നാളിതുവരെ 2651 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.)
2	സ്വയം പിരിഞ്ഞു പോയ വർക്കുള്ള ആനുകൂല്യം (1994 മുതൽ 2005 വരെ 1000 രൂപ നൽകിയിരുന്നത് 2005 -ലെ ജി.ഒ. (എം.എസ്.) 123/05/കൃഷി നമ്പർ കത്ത പ്രകാരം 5000 രൂപയായി വർദ്ധിപ്പിച്ചു. 2013 മുതൽ സർക്കാർ ഉത്തരവ് (എം.എസ്.) 159/13 കൃഷി പ്രകാരം 7,500 രൂപയായി വർദ്ധിപ്പിച്ചു	1000 രൂപ നിരക്കിൽ 317 അംഗങ്ങൾക്ക്, 5000 രൂപ നിരക്കിൽ 9727 അംഗങ്ങൾക്ക്, 7500 രൂപ നിരക്കിൽ 600 അംഗങ്ങൾക്കും നാളിതുവരെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3	അവശതാ ആനുകൂല്യം	25000 രൂപ നിരക്കിൽ നാളിതുവരെ 48 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്
4	പെൻഷൻ /ഗ്രാറ്റുവിറ്റി	30,000 രൂപ ഗ്രാറ്റുവിറ്റി തുകയായും 1000 രൂപ പ്രതിമാസ പെൻഷനായി 892 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

കാർഷിക മേഖലയിൽ തുടരുന്ന അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടി പദ്ധതിയിൻ കീഴിൽ 84536 അംഗങ്ങളാണ് നിലവിലുള്ളത്.

(ബി) ആയിരത്തിഒരുനൂറ് രൂപയടച്ച് അംഗങ്ങളാകുന്നവർക്ക് അറുപത് വയസ്സാകുമ്പോൾ അറുപതിനായിരം രൂപയും പ്രതിമാസം ആയിരം രൂപ പെൻഷനും എന്ന വാഗ്ദാനം സ്വീകരിച്ച് പദ്ധതിയിൽ ചേർന്നവർ, 2020-ൽ അപേക്ഷ നൽകിയെങ്കിലും പെൻഷൻ കിട്ടിയില്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുമോ?

പദ്ധതി മാനദണ്ഡമനുസരിച്ച് അംഗത്തിന് 60 വയസ്സ് ആകുമ്പോൾ പ്രതിമാസം 1,000 രൂപ നിരക്കിൽ പെൻഷൻ തുകയും 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റിയും നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. പ്രായപരിധിയിൽ വ്യത്യാസം വരുന്നതനുസരിച്ച് ഗ്രാറ്റുവിറ്റി തുകയിൽ വ്യത്യാസം വരുന്നതാണ്. പ്രായ വ്യത്യാസ മനുസരിച്ചുള്ള ഗ്രാറ്റുവിറ്റിയുടെ നിരക്ക് 20 വയസ്സിനും 21 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 60,000 രൂപ, 21 വയസ്സിനും 22 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 55,000 രൂപ, 22 വയസ്സിനും 23 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 50,000 രൂപ, 23 വയസ്സിനും 24 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-45,000 രൂപ, 24 വയസ്സിനും 25 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-40,000 രൂപ, 25 വയസ്സിനും 26 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-35,000 രൂപ, 26 വയസ്സിനും 40 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-30,000 രൂപ, 2020-ൽ പദ്ധതി മാനദണ്ഡപ്രകാരം അപാകതകൾ ഇല്ലാതെ ലഭിച്ച പെൻഷൻ/ഗ്രാറ്റുവിറ്റി ക്ലെയിമുകൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ കൊടുക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

പദ്ധതി മാനദണ്ഡമനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമില്ല. ഈ പദ്ധതിയനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യത്തിനുള്ള ക്ലെയിമുകൾ പഞ്ചായത്ത്തല, ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ച് സമർപ്പിക്കുമ്പോൾ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.